"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും അക്കൗണ്ട്സ് വിഭാഗത്തിലും ആരോഗ്യവിഭാഗത്തിലുമായി 354 അധിക തസ്തികകൾ സൃഷ്ടിച്ചും നിലവിൽ അപ്രധാനമായ 578 തസ്തികകൾ നിർത്തലാക്കിയും- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(കൈ) നം.277/2022/LSGD തീയതി,തിരുവനന്തപുരം, 22-12-2022

പരാമർശം:- 1. നഗരകാര്യ ഡയറക്ടറുടെ 16.09.2022 തീയതിയിലെ ഡി.യു.എ-6762/2022-ഇ1 നമ്പർ കത്ത്.

2. വൈജ്ഞാനിക ഭരണനിർവ്വഹണം സംബന്ധിച്ച വകുപ്പ് തല സമിതിയുടെ 05.12.2022 തീയതിയിലെ യോഗതീരുമാനം.

**ഉത്തരവ്**

സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ആവശ്യമായ ജീവനക്കാരുടെ കുറവ് നികുതി പിരിവ്, ആരോഗ്യപരിപാലനം തുടങ്ങി എല്ലാ മേഖലകളേയും ബാധിക്കുന്നതായും അടിയന്തരമായി ആവശ്യമായ തസ്തിക സൃഷ്ടിക്കണമെന്നും നിരന്തരം ആവശ്യമുയർന്നതിനാൽ സംസ്ഥാനത്തെ മുഴുവൻ നഗരസഭകളിലെയും നിലവിലുള്ള തസ്തികകളെ സംബന്ധിച്ചും, അവ പുനഃക്രമീകരിക്കുന്നത് സംബന്ധിച്ചും വർക്ക് സ്റ്റഡി നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നഗരകാര്യഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെയടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം നഗരകാര്യഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ അതീവപ്രാധാന്യമില്ലാത്ത തസ്തികകൾ നിർത്തലാക്കി പകരം 653 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് ശിപാർശ ചെയ്തിരുന്നു.

2. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ഇത്തരത്തിൽ 653 തസ്തികകൾ പുതുതായി സൃഷ്ടിക്കുമ്പോൾ, നിലവിലുള്ള തസ്തികകളിൽ അപ്രധാനമായ 141 തസ്തികകൾ നിലവിലുള്ള ജീവനക്കാരുടെ സേവന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ഒഴിവാക്കാവുന്നതാണെന്നും, കൂടാതെ ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ, ടൈപ്പിസ്റ്റ് തസ്തികകളിലെ റിട്ടയർമെന്റ് മുഖേന വരുന്ന ഒഴിവുകൾ നികത്താതെ പ്രസ്തുത വിഭാഗത്തിൽ 2/3 തസ്തികകൾ ഒഴിവാക്കാവുന്നതാണന്നും ശുപാർശ ചെയ്തിരുന്നു.

3. പരാമർശം (2) പ്രകാരമുള്ള വൈജ്ഞാനികഭരണനിർവ്വഹണം സംബന്ധിച്ച വകുപ്പ് തല സമിതിയുടെ യോഗത്തിൽ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, പ്രസ്തുത സമിതിയുടെ

ശുപാർശ പ്രകാരം അക്കൗണ്ട്സ് വിഭാഗം, മാലിന്യനിർമ്മാർജ്ജനം/ആരോഗ്യം വിഭാഗങ്ങളിൽ പുതിയ തസ്തികകൾ അടിയന്തരമായി സൃഷ്ടിക്കേണ്ടതുണ്ടെന്നതിനാൽ സംസ്ഥാനത്തെ നഗരസഭകളുടെ സുഗമമായ പ്രവർത്തനത്തിന് ചുവടെ ചേർക്കുന്ന 354 അധിക തസ്തികകൾ അടിയന്തരമായി സൃഷ്ടിക്കുന്നതിനും, അതിന് ആനുപാതികമായി നിലവിൽ അപ്രധാനമായ 578 തസ്തികകൾ ഒഴിവാക്കുന്നതിനും സമിതി ശുപാർശ ചെയ്തിരുന്നു.

**പുതുതായി സൃഷ്ടിക്കുന്നതിന് ശുപാർശ ചെയ്ത തസ്തികകൾ**

| | തസ്തികയുടെ പേര് | എണ്ണം |
|---|---|---|
| 1 | അക്കൗണ്ട്സ് ഓഫീസർ | 6 |
| 2 | അക്കൗണ്ട്സ് അസിസ്റ്റന്റ് | 93 |
| 3 | ഹെൽത്ത് ഓഫീസർ | 2 |
| 4 | ഹെൽത്ത് സൂപ്പർവൈസർ | 51 |
| 5 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 5 |
| 6 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 6 |
| 7 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 11 |
| 8 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 180 |
| | ആകെ | 354 |

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവകളിലെ അക്കൗണ്ട്സ് വിഭാഗവും, മാലിന്യ നിർമ്മാർജ്ജനം/ ആരോഗ്യപരിപാലന വിഭാഗവും അടിയന്തരമായി ശക്തിപ്പെടുത്തുന്നതിനായി ചുവടെ ചേർക്കുന്ന 354 തസ്തികകൾ പുതിയതായി സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | തസ്തികയുടെ പേര് | എണ്ണം |
|---|---|---|
| 1 | അക്കൗണ്ട്സ് ഓഫീസർ | 6 |
| 2 | അക്കൗണ്ട്സ് അസിസ്റ്റന്റ് | 93 |
| 3 | ഹെൽത്ത് ഓഫീസർ | 2 |
| 4 | ഹെൽത്ത് സൂപ്പർവൈസർ | 51 |
| 5 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 5 |
| 6 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 6 |
| 7 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 11 |
| 8 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 180 |
| | ആകെ | 354 |

5. മേൽ പ്രകാരം അനുവദിക്കുന്ന 180 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികകൾ ചുവടെ പറയും പ്രകാരം ജില്ലകൾക്ക് അനുവദിച്ചുനൽകുന്നു.

| ക്രമ നം | ജില്ല | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 37 |
| 2 | കൊല്ലം | 7 |

| | | |
|---|---|---|
| 3 | പത്തനംതിട്ട | 6 |
| 4 | ആലപ്പുഴ | 12 |
| 5 | കോട്ടയം | 5 |
| 6 | ഇടുക്കി | 2 |
| 7 | എറണാകുളം | 35 |
| 8 | തൃശ്ശൂർ | 26 |
| 9 | പാലക്കാട് | 17 |
| 10 | മലപ്പുറം | 11 |
| 11 | വയനാട് | 5 |
| 12 | കണ്ണൂർ | 15 |
| 13 | കാസർകോഡ് | 2 |
| | ആകെ | 180 |

6. പുതുതായി സൃഷ്ടിക്കുന്ന 354 തസ്തികകളുടെ, മുനിസിപ്പൽ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി തിരിച്ചുള്ള വിശദമായ ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

7. സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവകളിൽ നിലവിലുള്ള തസ്തികകളിൽ അപ്രധാനമായ ചുവടെ പറയുന്ന 141 തസ്തികകൾ നിലവിലുള്ള ജീവനക്കാരുടെ സേവന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ടി തസ്തികകൾ ഒഴിവാക്കി ഉത്തരവാകുന്നു.

| ക്രമ നം | തസ്തികയുടെ പേര് | എണ്ണം |
|---|---|---|
| 1 | ആയ | 2 |
| 2 | കാർപ്പന്റർ | 3 |
| 3 | ചെയിൻമാൻ | 42 |
| 4 | ക്ലീനർ | 26 |
| 5 | കമ്പൗണ്ടർ | 1 |
| 6 | കുക്ക് | 3 |
| 7 | ഫിറ്റർ | 3 |
| 8 | ഗാർഡനർ | 8 |
| 9 | ഹെൽപ്പർ | 1 |
| 10 | ലേഡി അസിസ്റ്റന്റ് | 2 |
| 11 | ലേഡി അറ്റൻഡന്റ് | 5 |
| 12 | ലിഫ്റ്റ് ഓപ്പറേറ്റർ | 5 |
| 13 | മെയിൽ അറ്റൻഡന്റ് | 4 |
| 14 | പി.ബി.എക്സ് ഓപ്പറേറ്റർ/ ടെലിഫോൺ അറ്റൻർ | 7 |
| 15 | റോഡ് റോളർ ഡ്രൈവർ ഗ്രേഡ് I | 7 |
| 16 | സർജന്റ് ഗ്രേഡ് II | 5 |
| | സോഷ്യൽ വർക്കർ/ | 11 |

| | | |
|---|---|---|
| 17 | കമ്മ്യൂണിറ്റി ഓർഗനൈസർ | |
| 18 | ടി.ബി.സ്പെഷ്യലിസ്റ്റ് | 1 |
| 19 | വെൽഡർ | 1 |
| 20 | വർക്ക്ഷോപ്പ് ക്ലീനർ | 4 |
| | **ആകെ** | **141** |

8. സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവകളിൽ നിലവിലുള്ള ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ, ടൈപ്പിസ്റ്റ് തസ്തികകളിലെ റിട്ടയർമെന്റ് മുഖേന വരുന്ന ഒഴിവുകൾ നികത്താതെ പ്രസ്തുത വിഭാഗത്തിൽ ചുവടേ ചേർക്കുന്ന 437 തസ്തികകൾ ഒഴിവാക്കിയും ഉത്തരവാകുന്നു.

| ക്രമ നം | തസ്തികയുടെ പേര് | എണ്ണം |
|---|---|---|
| 1 | ഓഫീസ് അറ്റൻഡന്റ് | 283 |
| 2 | ഡ്രൈവർ (എൽ.ഡി.വി) | 60 |
| 3 | ഡ്രൈവർ (എച്ച്.ഡി.വി) | 34 |
| 4 | ടൈപ്പിസ്റ്റ് | 60 |
| | **ആകെ** | **437** |

9. മേൽ പ്രകാരം ഒഴിവാക്കപ്പെടുന്ന 578 തസ്തികകൾ പ്രസ്തുത തസ്തികകളിലെ നിലവിലുള്ള ജീവനക്കാരുടെ സേവന കാലാവധി അവസാനിക്കുന്ന/ഒഴിവുകൾ നിലവിൽ വരുന്ന മുറയ്ക്ക്, ടി തസ്തികകൾ സ്വമേധയാ ഇല്ലാതാകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ , തിരുവനന്തപുരം
തദ്ദേശസ്വയംഭരണവകുപ്പ് ഡയറക്ടർ(അർബൻ), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ധനകാര്യവകുപ്പ്(04.11.2022 തീയതിയിലെ DEV-5/86/2022/FIN നമ്പർ കുറിപ്പ് പ്രകാരം)
പൊതുഭരണ(എസ്.സി) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Sonu Jacob
Date: 23-12-2022 10:20:53
സെക്ഷൻ ഓഫീസർ

പകർപ്പ്- 1. ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

2.തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.

3. തദ്ദേശസ്വയംഭരണവകുപ്പ് (അർബൻ) പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 21-12-2022

ഫയൽ നം. ഇ.യു.2/329/2021/തസ്വഭവ. ഇനം നം: 1257

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ കോർപ്പറേഷനുകളിലും, മുനിസിപ്പാലിറ്റികളിലും അക്കൗണ്ട്സ് വിഭാഗത്തിലും ആരോഗ്യ വിഭാഗത്തിലും അധിക തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

GOVERNMENT OF KERALA
(Shri. Pinarayi Vijayan Ministry)

## Note for the Council of Ministers

| | | | |
|---|---|---|---|
| 1 | File No | : | EU2-329/2021-LSGD |
| 2 | Department | : | Local Self Government(EU)Dept |
| 3 | Subject | : | Creation of additional posts in Health and Accounts wing in Municipalities and Corporations -Reg |
| 4 | Date of Chief Minister's order for placing before the Council | : | 12.12.2022 |
| 5 | (i) Does the case involve financial commitments/implications | : | Yes |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | : | Yes |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the note for the Council ? | : | No |
| 7 | Name of Additional Secretary who submitted the Draft Note | : | Sri. Anilkumar G |
| 8 | Name of Additional Chief Secretary who approved the Draft Note | : | Smt. Sarada Muraleedharan |
| 9 | Date of approval of the Draft Note for the Council by the Principal Secretary | : | 13.12.2022 |
| 10 | Name of Chief Secretary, who approved the Draft Note | : | Dr. V P Joy |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 13.12.2022 |
| 12 | Name of Minister who approved the Draft Note | : | Shri. M B Rajesh |
| 13 | Date of approval of the draft Note for the Council by the Minister | : | 13.12.2022 |
| 14 | Date of submission of fair copies | : | 13.12.2022 |
| 15 | Date of decision by the Council of Ministers | : | 21.12.2022 |
| 16 | Number and date of the G.O./letter communicating the decision | | GO(MS)No. 277/2022/LSGD dated 22.12.2022 |

## NOTE FOR THE COUNCIL OF MINISTERS

This note relates to the creation of additional posts in Accounts Section and Health Section in Corporations and Municipalities of the State.

2) The Director of Urban Affairs has been asked to conduct a work study and submit a report regarding the existing posts in all the Municipal Corporations of the State and their restructuring as there is a constant need to create urgently needed posts due to the lack of required staff in the corporations and municipalities of the state affecting all areas such as tax collection, health care and so on. Accordingly, the Director of Urban Affairs submitted the work study report and had recommended the abolition of non-significant posts and creation of following 653 new posts .

| Name of Post | Number | Monthly Salary (including DA, HRA) | Total |
|---|---|---|---|
| Accounts Officer | 6 | 60000 | 360000 |
| Accounts Assistant | 93 | 46000 | 4278000 |
| Ravenue Inspector Grade II | 8 | 57730 | 461840 |
| Superintendent | 20 | 49910 | 998200 |
| Head Clerk/Revenue Inspector | 16 | 45195 | 723120 |
| L D Clerk/Revenue Inspector | 134 | 30457 | 4083650 |
| Senior Clerk | 121 | 40940 | 4953740 |
| Health Officer | 2 | 63480 | 126960 |

| | | | |
|---|---|---|---|
| Health Supervisor | 51 | 57730 | 2944230 |
| Health Inspector Grade I | 5 | 49910 | 249550 |
| Health Inspector Grade II | 6 | 47495 | 284970 |
| Junior Health Inspector Grade I | 11 | 43010 | 473110 |
| Junior Health Inspector Grade II | 180 | 35765 | 6437700 |
| Total | 653 | 6,27,640 | 2,63,75,070 |

3) According to the report of the Director of Urban Affairs, it was informed that the amount required for the creation of 653 posts can be found as follows.

(**a**) It was also reported that 141 non-essential posts out of the existing posts could be saved by eliminating the above posts at the end of the service period of the existing employees as mentioned below.

| **Name of Post** | **Number** | **Monthly Salary (including DA, HRA)** | **Total** |
|---|---|---|---|
| Ayah | 2 | 26450 | **52900** |
| Carpenter | 3 | 27255 | **81765** |
| Chainman | 42 | 26450 | **1110900** |
| Cleaner | 26 | 27255 | **708630** |
| Compounder | 1 | 28865 | **28865** |
| Cook | 3 | 26450 | **79350** |
| Fitter | 3 | 28865 | **86595** |

| | | | |
|---|---|---|---|
| Gardener | 8 | 27255 | 218040 |
| Helper | 1 | 26450 | 26450 |
| Lady Assistant | 2 | 26450 | 52900 |
| Lady Attendant | 5 | 26450 | 132250 |
| Lift Operator | 5 | 28865 | 144325 |
| Male Attendant | 4 | 26450 | 105800 |
| P.B X Operator/Telephone Attender | 7 | 27255 | 190785 |
| Road Roller DriverGrade I | 7 | 30475 | 213325 |
| Sergant Grade II | 5 | 35765 | 178825 |
| Social Worker/Community Organiser | 11 | 35765 | 393415 |
| T B specialist | 1 | 68195 | 68195 |
| Welder | 1 | 28865 | 28865 |
| Work Shop Cleaner | 4 | 26450 | 105800 |
| Total | 141 | 606280 | 40,07,980 |

(b) The Director of Urban Affairs also recommended that the amount of 2/3rd posts may be saved by making the vacancies 1/3rd without filling the retirement of Office Attendant, Driver and Typist posts as mentioned below.

| Name of Post | 2/3 Posts | Monthly Salary (including DA, HRA) | Total |
|---|---|---|---|
| Office Attendant | 567 | 26450 | 14,997,150 |
| Driver (LDV) | 120 | 28865 | 34,63,800 |
| Driver (HDV) | 68 | 28865 | 19,62,820 |
| Typist | 120 | 26500 | 31,80,000 |
| Total | 875 | 110680 | 2,36,03,770 |

4) The Remarks of Finance Department in this subject is as follows;

"സംസ്ഥാനസർക്കാരിന്റെ വിവിധവകുപ്പുകളിൽ വൈജ്ഞാനികഭരണ നിർവ്വഹണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ജോലിഭാരത്തിനനുസരിച്ച് തസ്തികകൾ ക്രമീകരിക്കുന്നതിനും അധികതസ്തികകൾ കണ്ടെത്തുന്നതിനുമായി **23.03.2022 ലെ സ.ഉ(കൈ)നം.2/2022/ഉ.ഭ.പ.വ.** ഉത്തരവിലെ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണവകുപ്പിൽ **25.05.2022 ലെ സ.ഉ(സാധാ)നം. 1295/2022/തസ്വഭവ.** പ്രകാരം വകുപ്പ്തലസമിതി രൂപീകരിച്ചിട്ടുള്ള സാഹചര്യത്തിൽ അധികതസ്തികകൾ കണ്ടെത്തുന്നത് തസ്തികക്രമീകരണം മുതലായ വിഷയങ്ങൾ സംബന്ധിച്ച പ്രസ്തുത സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ മാത്രമേ സർക്കാരിനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും വളരെ വലിയ സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്ന ഇത്രയേറെ തസ്തികകൾ ഒരുമിച്ച് സൃഷ്ടിക്കുന്ന വിഷയം പരിശോധിക്കാനാവൂ എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു ധനകാര്യവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

5) The matter has been examined by the Departmental Committee on Knowledge Management(*Vainjanika Bharananirvahanam sambanthicha Samithi*) under the chairmanship of the Additional Chief Secretary, Local

Self-Government Department, held on 05.12.2022, and the said committee had given following recommendations,

6) The Committee observed that creation of engineering posts are essential in the local self-government bodies and hence the same along with the creation of Revenue/Clerical posts, as per the recommendation of the Director of Urban Affairs, may be considered after obtaining a revised proposal. But there is an urgent need to create new posts in the Accounts Section and Waste Management/Health Sections, and while creating new posts, some non-essential posts can be converted into vanishing category and accordingly the committee recommended for immediate creation of additional posts as below for smooth functioning of Municipalities and Municipal Corporations in the State.

(1) Additional posts to be created urgently

| Sl No. | **Name of Post** | **Number** | **Monthly Salary (including DA, HRA)** | **Total** |
|---|---|---|---|---|
| 1 | Accounts Officer | 6 | 60000 | 360000 |
| 2 | Accounts Assistant | 93 | 46000 | 4278000 |
| 3 | Health Officer | 2 | 63480 | 126960 |
| 4 | Health Supervisor | 51 | 57730 | 2944230 |
| 5 | Health Inspector Grade I | 5 | 49910 | 249550 |
| 6 | Health Inspector Grade II | 6 | 47495 | 284970 |
| 7 | Junior Health Inspector Grade I | 11 | 43010 | 473110 |
| 8 | Junior Health Inspector Grade II | 180 | 35765 | 6437700 |
| | Total | 354 | 403364 | 15154520 |

(2)(i). Posts recommended to be eliminated proportionaly

| Sl No. | **Name of Post** | **Number** | **Monthly Salary (including DA, HRA)** | **Total** |
|---|---|---|---|---|
| 1 | Ayah | 2 | 26450 | **52900** |
| 2 | Carpenter | 3 | 27255 | **81765** |
| 3 | Chainman | 42 | 26450 | **1110900** |
| 4 | Cleaner | 26 | 27255 | **708630** |
| 5 | Compounder | 1 | 28865 | **28865** |
| 6 | Cook | 3 | 26450 | **79350** |
| 7 | Fitter | 3 | 28865 | **86595** |
| 8 | Gardener | 8 | 27255 | **218040** |
| 9 | Helper | 1 | 26450 | **26450** |
| 10 | Lady Assistant | 2 | 26450 | **52900** |
| 11 | Lady Attendant | 5 | 26450 | **132250** |
| 12 | Lift Operator | 5 | 28865 | **144325** |
| 13 | Male Attendant | 4 | 26450 | **105800** |
| 14 | P.B X Operator/Telephone Attender | 7 | 27255 | **190785** |
| 15 | Road Roller DriverGrade I | 7 | 30475 | **213325** |
| 16 | Sergant Grade II | 5 | 35765 | **178825** |
| 17 | Social Worker/Community | 11 | 35765 | **393415** |

| | | | | |
|---|---|---|---|---|
| | Organiser | | | |
| 18 | T B specialist | 1 | 68195 | **68195** |
| 19 | Welder | 1 | 28865 | **28865** |
| 20 | Work Shop Cleaner | 4 | 26450 | **105800** |
| | Total | 141 | 606280 | **40,07,980** |

(ii) It was recommended that expenditure on 1/3 of the posts of Office Attendant, Driver and Typist may be saved by retaining only 2/3 of the posts without filling the remaining vacancies arising due to the retirement in the above posts as follows, thus making this 1/3rd of posts vanishing category.

| **Name of Post** | **1/3 Posts** | **Monthly Salary (including DA, HRA)** | **Total** |
|---|---|---|---|
| Office Attendant | 283 | 26450 | 7485350 |
| Driver (LDV) | 60 | 28865 | 1731900 |
| Driver (HDV) | 34 | 28865 | 981410 |
| Typist | 60 | 26500 | 1590000 |
| Total | 437 | 110680 | 1,17,88,660 |

7) As per the above, the Accounts Department and Waste Management/Health Department of the Corporation, Municipalities of the State, need to be urgently strengthened and therefore the committee recommended creation of 354 posts mentioned in para 6(1) above and proportionately eliminating 578 posts mentioned in para 6(2) (i & ii) which are currently unimportant.

8). When the file was circulated for orders on the creation of the posts as recommended by the Committee, the Hon'ble Chief Minister has ordered to place the matter before the Cabinet for consideration.

**POINT FOR DECISION**

For strengthening the Accounts Department and Waste Management/Health Care Department in the Municipalities and Municipal Corporations of the State, as recommended by the Departmental Committee on Knowledge Management, whether 354 new posts (Expenditure amount Rs. **1,51,54,520 /-** ) mentioned in para 6(1) may be created, proportionately eliminating the existing 578 insignificant posts (Amount saves Rs. **1,57,96,640/-** ) mentioned in para 6(2) (i & ii)?

| | | | |
|---|---|---|---|
| **കേരളസർക്കാർ** | | | |
| (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ) | | | |
| മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ് | | | |
| 1 | ഫയൽ നമ്പർ | : | ഇ.യു2/ 329/ 2021/ തസ്വഭവ |
| 2 | വകുപ്പ് | : | തദ്ദേശസ്വയം ഭരണ (ഇ.യു) വകുപ്പ് |
| 3 | വിഷയം | : | സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും അക്കൗണ്ട്സ് വിഭാഗത്തിലും ആരോഗ്യവിഭാഗത്തിലും അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 12. 12. 2022 |
| 5 | (i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii)ആണെങ്കിൽ ധനവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br>: | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുകളുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. അനിൽകുമാർ.ജി. |
| 8 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദാ മുരളീധരൻ |
| 9 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 13. 12. 2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി.ജോയ് |
| 11 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13. 12. 2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. എം.ബി.രാജേഷ് |
| 13 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 13. 12. 2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 13. 12. 2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | 21. 12. 2022 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | സ.ഉ(കൈ)നം. 277/ 2022/ LSGD തീയതി 22. 12. 2022 |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും അക്കൗണ്ട്സ് വിഭാഗത്തിലും ആരോഗ്യവിഭാഗത്തിലും അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ആവശ്യമായ ജീവനക്കാരുടെ കുറവ്, നികുതി പിരിവ്, ആരോഗ്യപരിപാലനം തുടങ്ങി എല്ലാ മേഖലകളേയും ബാധിക്കുന്നതായും അടിയന്തരമായി ആവശ്യമായ തസ്തിക സൃഷ്ടിക്കണമെന്നും നിരന്തരം ആവശ്യമുയർന്നതിനാൽ സംസ്ഥാനത്തെ മുഴുവൻ നഗരസഭകളിലെയും നിലവിലുള്ള തസ്തികകളെ സംബന്ധിച്ചും അവ പുനഃക്രമീകരിക്കുന്നത് സംബന്ധിച്ചും വർക്ക് സ്റ്റഡി നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നഗരകാര്യഡയറക്ടറെ ചുമതലപ്പെടുത്തി. അതിൻപ്രകാരം ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ അതീവപ്രാധാന്യമില്ലാത്ത തസ്തികകൾ നിർത്തലാക്കി പകരം ചുവടെ ചേർക്കുന്ന 653 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് ശിപാർശ ചെയ്തു.

| തസ്തികയുടെ പേര് | എണ്ണം | പ്രതിമാസ ശമ്പളം (including DA, HRA) | ആകെ |
|---|---|---|---|
| അക്കൗണ്ട്സ് ഓഫീസർ | 6 | 60000 | 360000 |
| അക്കൗണ്ട്സ് അസിസ്റ്റന്റ് | 93 | 46000 | 4278000 |
| റവന്യൂ ഇൻസ്പെക്ടർ ഗ്രേഡ് II | 8 | 57730 | 461840 |
| സൂപ്രണ്ട് | 20 | 49910 | 998200 |
| ഹെഡ് ക്ലർക്ക്/റവന്യൂ ഇൻസ്പെക്ടർ | 16 | 45195 | 723120 |
| എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ | 134 | 30457 | 4083650 |
| സീനിയർ ക്ലർക്ക് | 121 | 40940 | 4953740 |
| ഹെൽത്ത് ഓഫീസർ | 2 | 63480 | 126960 |
| ഹെൽത്ത് സൂപ്പർവൈസർ | 51 | 57730 | 2944230 |

| | | | | |
|---|---|---|---|---|
| ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 5 | | 49910 | 249550 |
| ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 6 | | 47495 | 284970 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 11 | | 43010 | 473110 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 180 | | 35765 | 6437700 |
| ആകെ | 653 | | 6,27,640 | 2,63,75,070 |

3) നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ഇത്തരത്തിൽ 653 തസ്തികകൾ പുതുതായി സൃഷ്ടിക്കുമ്പോൾ വേണ്ട തുക താഴെ പറയും പ്രകാരം കണ്ടെത്താവുന്നതാണ് എന്ന് അറിയിച്ചിരുന്നു.

(എ) നിലവിലുള്ള തസ്തികകളിൽ അപ്രധാനമായ 141 തസ്തികകൾ നിലവിലുള്ള ജീവനക്കാരുടെ സേവന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ടി തസ്തികകൾ ഒഴിവാക്കുന്നതിലൂടെ ചുവടെ പറയും പ്രകാരം തുക ലാഭിക്കാവുന്നതാണ് എന്നും റിപ്പോർട്ട് ചെയ്തിരുന്നു.

| തസ്തികയുടെ പേര് | എണ്ണം | പ്രതിമാസ ശമ്പളം (including DA, HRA) | ആകെ |
|---|---|---|---|
| ആയ | 2 | 26450 | **52900** |
| കാർപ്പന്റർ | 3 | 27255 | **81765** |
| ചെയിൻമാൻ | 42 | 26450 | **1110900** |
| ക്ലീനർ | 26 | 27255 | **708630** |
| കമ്പൗണ്ടർ | 1 | 28865 | **28865** |
| കുക്ക് | 3 | 26450 | **79350** |
| ഫിറ്റർ | 3 | 28865 | **86595** |
| ഗാർഡനർ | 8 | 27255 | **218040** |

| | | | |
|---|---|---|---|
| ഹെൽപ്പർ | 1 | 26450 | **26450** |
| ലേഡി അസിസ്റ്റന്റ് | 2 | 26450 | **52900** |
| ലേഡി അറ്റൻഡന്റ് | 5 | 26450 | **132250** |
| ലിഫ്റ്റ് ഓപ്പറേറ്റർ | 5 | 28865 | **144325** |
| മെയിൽ അറ്റൻഡന്റ് | 4 | 26450 | **105800** |
| പി.ബി.എക്സ് ഓപ്പറേറ്റർ/ ടെലിഫോൺ അറ്റൻർ | 7 | 27255 | **190785** |
| റോഡ് റോളർ ഡ്രൈവർ ഗ്രേഡ് I | 7 | 30475 | **213325** |
| സർജന്റ് ഗ്രേഡ് II | 5 | 35765 | **178825** |
| സോഷ്യൽ വർക്കർ/ കമ്മ്യൂണിറ്റി ഓർഗനൈസർ | 11 | 35765 | **393415** |
| ടി.ബി.സ്പെഷ്യലിസ്റ്റ് | 1 | 68195 | **68195** |
| വെൽഡർ | 1 | 28865 | **28865** |
| വർക്ക്ഷോപ്പ് ക്ലീനർ | 4 | 26450 | **105800** |
| ആകെ | 141 | 606280 | **40,07,980** |

(ബി) ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ, ടൈപ്പിസ്റ്റ് തസ്തികകളിലെ റിട്ടയർമെന്റ് മുഖേന വരുന്ന ഒഴിവുകൾ നികത്താതെ 1/3 ആക്കുന്നത് വഴി 2/3 തസ്തികകളുടെ തുക ചുവടെ പറയും പ്രകാരം ലാഭിക്കാവുന്നതാണ് എന്നും നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

| തസ്തികയുടെ പേര് | 2/3 തസ്തിക | പ്രതിമാസ ശമ്പളം DA/HRA ഉൾപ്പെടെ | ആകെ |
|---|---|---|---|
| ഓഫീസ് അറ്റൻഡന്റ് | 567 | 26450 | 14,997,150 |

| | | | |
|---|---|---|---|
| | | | |
| ഡ്രൈവർ (എൽ.ഡി.വി) | 120 | 28865 | 34,63,800 |
| ഡ്രൈവർ (എച്ച്.ഡി.വി) | 68 | 28865 | 19,62,820 |
| ടൈപ്പിസ്റ്റ് | 120 | 26500 | 31,80,000 |
| ആകെ | **875** | **110680** | **2,36,03,770** |

4) ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"സംസ്ഥാനസർക്കാരിന്റെ വിവിധവകുപ്പുകളിൽ വൈജ്ഞാനികഭരണ നിർവ്വഹണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ജോലിഭാരത്തിനനുസരിച്ച് തസ്തികകൾ ക്രമീകരിക്കുന്നതിനും അധികതസ്തികകൾ കണ്ടെത്തുന്നതിനുമായി **23.03.2022 ലെ സ.ഉ(കൈ)നം.2/2022/ഉ.ഭ.പ.വ.** ഉത്തരവിലെ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണവകുപ്പിൽ **25.05.2022 ലെ സ.ഉ(സാധാ)നം. 1295/2022/തസ്വഭവ.** പ്രകാരം വകുപ്പ്തലസമിതി രൂപീകരിച്ചിട്ടുള്ള സാഹചര്യത്തിൽ അധികതസ്തികകൾ കണ്ടെത്തുന്നത് തസ്തികക്രമീകരണം മുതലായ വിഷയങ്ങൾ സംബന്ധിച്ച പ്രസ്തുത സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ മാത്രമേ സർക്കാരിനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും വളരെ വലിയ സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്ന ഇത്രയേറെ തസ്തികകൾ ഒരുമിച്ച് സൃഷ്ടിക്കുന്ന വിഷയം പരിശോധിക്കാനാവൂ എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു ധനകാര്യവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

5) 05.12.2022ന് തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ വൈജ്ഞാനികഭരണനിർവ്വഹണം സംബന്ധിച്ച വകുപ്പ് തല സമിതിയുടെ മീറ്റിംഗിൽ ഇക്കാര്യം പരിശോധിക്കുകയും പ്രസ്തുത സമിതി ഇക്കാര്യത്തിൽ ചുവടേ ചേർക്കും പ്രകാരം ശുപാർശ നൽകുകയും ചെയ്തിരുന്നു.

6) തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് എഞ്ചിനീയറിംഗ് വിഭാഗം തസ്തികകൾ കൂടി സൃഷ്ടിക്കേണ്ടത് ആവശ്യമായതിനാൽ പ്രസ്തുത തസ്തികകളും, കൂടാതെ നഗരകാര്യഡയറക്ടറുടെ ശിപാർശ പ്രകാരമുള്ള റവന്യൂ/ക്ലറിക്കൽ വിഭാഗം തസ്തികകൾ സൃഷ്ടിക്കുന്ന വിഷയവും പുതുക്കിയ പ്രപ്പോസൽ ലഭ്യമാക്കി പരിശോധിക്കുന്നതിനും എന്നാൽ അക്കൗണ്ട്സ് വിഭാഗം, മാലിന്യനിർമ്മാർജ്ജനം/ആരോഗ്യം വിഭാഗങ്ങളിൽ പുതിയ തസ്തികകൾ അടിയന്തരമായി സൃഷ്ടിക്കേണ്ടതുണ്ടെന്ന് സമിതി നിരീക്ഷിക്കുകയും പുതിയ തസ്തികകൾ സൃഷ്ടിക്കുമ്പോൾ അപ്രധാനമായ ചില തസ്തികകൾ ഒഴിവാക്കാവുന്നതാണെന്നും അതിൻപ്രകാരം സംസ്ഥാനത്തെ നഗരസഭകളുടെ

സുഗമമായ പ്രവർത്തനത്തിന് ചുവടെ ചേർക്കുന്ന അധിക തസ്തികകൾ അടിയന്തരമായി സൃഷ്ടിക്കുന്നതിന് സമിതി ശുപാർശ ചെയ്യു.

**(1) അടിയന്തരമായി സൃഷ്ടിക്കേണ്ട അധിക തസ്തികകൾ**

| | **തസ്തികയുടെ പേര്** | **എണ്ണം** | **പ്രതിമാസ ശമ്പളം (including DA, HRA)** | **ആകെ** |
|---|---|---|---|---|
| 1 | അക്കൗണ്ട്സ് ഓഫീസർ | **6** | **60000** | **360000** |
| 2 | അക്കൗണ്ട്സ് അസിസ്റ്റന്റ് | **93** | **46000** | **4278000** |
| 3 | ഹെൽത്ത് ഓഫീസർ | **2** | **63480** | **126960** |
| 4 | ഹെൽത്ത് സൂപ്പർവൈസർ | **51** | **57730** | **2944230** |
| 5 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | **5** | **49910** | **249550** |
| 6 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | **6** | **47495** | **284970** |
| 7 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | **11** | **43010** | **473110** |
| 8 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | **180** | **35765** | **6437700** |
| | ആകെ | **354** | **403364** | **15154520** |

**(2)(i). ആനുപാതികമായി ഒഴിവാക്കുവാൻ ശിപാർശ ചെയ്ത തസ്തികകൾ**

| | തസ്തികയുടെ പേര് | എണ്ണം | പ്രതിമാസ ശമ്പളം (including DA, HRA) | ആകെ |
|---|---|---|---|---|
| 1 | ആയ | 2 | 26450 | **52900** |
| 2 | കാർപ്പന്റർ | 3 | 27255 | **81765** |
| 3 | ചെയിൻമാൻ | 42 | 26450 | **1110900** |
| 4 | ക്ലീനർ | 26 | 27255 | **708630** |

| | | | | |
|---|---|---|---|---|
| 5 | കമ്പൗണ്ടർ | 1 | 28865 | **28865** |
| 6 | കുക്ക് | 3 | 26450 | **79350** |
| 7 | ഫിറ്റർ | 3 | 28865 | **86595** |
| 8 | ഗാർഡനർ | 8 | 27255 | **218040** |
| 9 | ഹെൽപ്പർ | 1 | 26450 | **26450** |
| 10 | ലേഡി അസിസ്റ്റന്റ് | 2 | 26450 | **52900** |
| 11 | ലേഡി അറ്റൻഡന്റ് | 5 | 26450 | **132250** |
| 12 | ലിഫ്റ്റ് ഓപ്പറേറ്റർ | 5 | 28865 | **144325** |
| 13 | മെയിൽ അറ്റൻഡന്റ് | 4 | 26450 | **105800** |
| 14 | പി.ബി.എക്സ് ഓപ്പറേറ്റർ/ ടെലിഫോൺ അറ്റൻർ | 7 | 27255 | **190785** |
| 15 | റോഡ് റോളർ ഡ്രൈവർ ഗ്രേഡ് I | 7 | 30475 | **213325** |
| 16 | സർജന്റ് ഗ്രേഡ് II | 5 | 35765 | **178825** |
| 17 | സോഷ്യൽ വർക്കർ/ കമ്മ്യൂണിറ്റി ഓർഗനൈസർ | 11 | 35765 | **393415** |
| 18 | ടി.ബി.സ്പെഷ്യലിസ്റ്റ് | 1 | 68195 | **68195** |
| 19 | വെൽഡർ | 1 | 28865 | **28865** |
| 20 | വർക്ക്ഷോപ്പ് ക്ലീനർ | 4 | 26450 | **105800** |
| | ആകെ | 141 | 606280 | **40,07,980** |

**(ii)** ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ, ടൈപ്പിസ്റ്റ് തസ്തികകളിലെ റിട്ടയർമെന്റ് മുഖേന വരുന്ന ഒഴിവുകൾ Vanishing category എന്ന് പരിഗണിച്ച് നികത്താതെ 2/3 ആക്കുന്നത് വഴി 1/3 തസ്തികകളുടെ തുക ചുവടെ പറയും പ്രകാരം ലാഭിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യു.

| തസ്തികയുടെ പേര് | എണ്ണം | പ്രതിമാസ ശമ്പളം DA/HRA ഉൾപ്പെടെ | ആകെ |
|---|---|---|---|

| | | | |
|---|---|---|---|
| ഓഫീസ് അറ്റൻഡന്റ് | 283 | 26450 | 7485350 |
| ഡ്രൈവർ (എൽ.ഡി.വി) | 60 | 28865 | 1731900 |
| ഡ്രൈവർ (എച്ച്.ഡി.വി) | 34 | 28865 | 981410 |
| ടൈപ്പിസ്റ്റ് | 60 | 26500 | 1590000 |
| ആകെ | **437** | **110680** | **1,17,88,660** |

**7)** മേൽപ്രകാരം സംസ്ഥാനത്തെ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികളിലെ അക്കൗണ്ട്സ് വിഭാഗവും, മാലിന്യനിർമ്മാർജ്ജനം/ആരോഗ്യപരിപാലനവിഭാഗവും അടിയന്തരമായി ശക്തിപ്പെടുത്തേണ്ടതിനാൽ മുകളിൽ ഖണ്ഡിക 6(1)ൽ പറയുന്ന 354 തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതിനും അതിന് ആനുപാതികമായിത്തന്നെ നിലവിലെ അപ്രധാനമായ ഖണ്ഡിക 6(2) (i & ii) ൽ പറയുന്ന 578 തസ്തികകൾ ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്തു.

8). സമിതി ശിപാർശ ചെയ്ത തസ്തികകൾ സൃഷ്ടിക്കുന്നതിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ഇക്കാര്യം "മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക" എന്ന് ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവകളിലെ അക്കൗണ്ട്സ് വിഭാഗവും, മാലിന്യനിർമ്മാർജ്ജനം/ആരോഗ്യപരിപാലനവിഭാഗവും അടിയന്തരമായി ശക്തിപ്പെടുത്തുന്നതിനായി, വൈജ്ഞാനികഭരണനിർവ്വഹണം സംബന്ധിച്ച സമിതി ശിപാർശ ചെയ്ത പ്രകാരം നിലവിലെ അപ്രധാനമായ, ഖണ്ഡിക 6(2) (i & ii)ൽ പറയുന്ന 578 തസ്തികകൾ (ലാഭിക്കാവുന്ന തുക. **1,57,96,640/- രൂപ)** ഒഴിവാക്കി, പകരം ഖണ്ഡിക 6(1)ൽ പറയുന്ന 354 തസ്തികകൾ (ചെലവ് വരുന്ന തുക. **1,51,54,520 /-രൂപ)** പുതിയതായി സൃഷ്ടിക്കാമോ?